പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3714

23/08/2017 ൽ
മറുപടിക്ക്

## പൊതുമേഖല ശാക്തീകരണ നടപടികൾ

ചോദ്യം

ശ്രീ.സണ്ണി ജോസഫ്
ശ്രീ.റോജി എം. ജോൺ
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പൊതുമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനായി |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |

മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം അനുവദിച്ച് നൽകിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരി ക്കുന്നത്.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.

കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്കരിച്ചു വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പരസഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഇൻേറണൽ

| | | | |
|---|---|---|---|
| | | | ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും ഉല്പാദന വൈവിദ്ധ്യവല്ക്കരണത്തിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | ഓരോ സ്ഥാപനങ്ങളുടെയും അവസ്ഥ വിശകലനം ചെയ്തും നിലവിലുള്ള ഉൽപ്പന്നങ്ങളുടെ വിപണിയിലെ ആവശ്യകത കണക്കിലെടുത്തുകൊണ്ടും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൽപ്പാദനസൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. കൂടാതെ സ്ഥാപനങ്ങളിൽ നിലവിലെ ഉൽപ്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നവീകരണ ആധുനികവത്ക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടുതൽ വിപണന സാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്ക്കരണ പദ്ധതികളും സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചുവരുന്നു.<br>മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്ക്കരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ